"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അമൃത് പദ്ധതിയുടെ കീഴിൽ തയ്യാറാക്കിയ പാലക്കാട് മാസ്റ്റർപ്ലാനിന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.101/2024/LSGD തീയതി,തിരുവനന്തപുരം, 03-08-2024

---

പരാമർശം:-

1. 03.02.2023 ലെ സ.ഉ.(കൈ)നം.32/2023/തസ്വഭവ. നമ്പർ ഉത്തരവ്
2. പാലക്കാട് നഗരസഭ കൗൺസിലിന്റെ 04.01.2024 തീയതിയിലെ 1/1-ാം നമ്പർ തീരുമാനം.
3. 06.03.2024 തീയതിയിലെ മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) ന്റെ എൽ.എസ്.ജി.ഡി./പി.ഡി./21221/2023-ടിസിപിബി3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അമൃത് പദ്ധതിയുടെ കീഴിൽ തയ്യാറാക്കിയ പാലക്കാട് മാസ്റ്റർപ്ലാനിന് പ്രസിദ്ധീകരണാനുമതി നൽകി പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രസിദ്ധീകരിച്ച പ്രസ്തുത കരട് മാസ്റ്റർപ്ലാനിന്മേൽ ലഭ്യമായ ആക്ഷേപ നിർദ്ദേശങ്ങളിന്മേലുള്ള പാലക്കാട് നഗരസഭ കൗൺസിലിന്റെ തീരുമാനപ്രകാരം, പരിഷ്കരിച്ച പാലക്കാട് മാസ്റ്റർ പ്ലാൻ അംഗീകരിച്ചു സർക്കാരിലേക്ക് സമർപ്പിക്കുവാൻ പരാമർശം (2) പ്രകാരം പാലക്കാട് നഗരസഭ കൌൺസിൽ തീരുമാനിച്ചിട്ടുള്ളതും ആയത് പ്രകാരം കരട് മാസ്റ്റർപ്ലാൻ സർക്കാർ അംഗീകാരത്തിനായി മുഖ്യനഗരാസൂത്രകൻ മുഖേന നഗരസഭ സെക്രട്ടറി സമർപ്പിച്ചിരിക്കുന്നു.

3. പ്രസിദ്ധീകൃത പാലക്കാട് മാസ്റ്റർപ്ലാനിന്മേൽ, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകപ്പ് 36 പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കുന്നതിനു വന്ന കാലതാമസം, ആക്ടിന്റെ വകുപ്പ് 36(11) പ്രകാരം സാധൂകരിക്കാവുന്നതാണെന്നും അതോടൊപ്പം, അമൃത് പദ്ധതി പ്രകാരം പാലക്കാട്

നഗരസഭയ്ക്കായി തയ്യാറാക്കിയ പാലക്കാട് മാസ്റ്റർപ്ലാനിനു, ആയതു അംഗീകരിക്കുവാനുള്ള പാലക്കാട് നഗരസഭയുടെയും പാലക്കാട് ജില്ലാ നഗരാസൂത്രകന്റെയും ശിപാർശ പരിഗണിച്ചു കൊണ്ട്, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകപ്പ് 36(8), 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 22, എന്നിവ പ്രകാരം അനുമതി നൽകാവുന്നതുമാണെന്ന് പരാമർശം (3) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസിദ്ധീകൃത പാലക്കാട് മാസ്റ്റർപ്ലാനിന്മേൽ, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകപ്പ് 36 പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കുന്നതിനു വന്ന കാലതാമസം, ആക്റ്റിന്റെ വകുപ്പ് 36(11) പ്രകാരം സാധൂകരിച്ചു നൽകിക്കൊണ്ട് അമൃത് പദ്ധതി പ്രകാരം പാലക്കാട് നഗരസഭയ്ക്കായി തയ്യാറാക്കിയ പാലക്കാട് മാസ്റ്റർപ്ലാനിനു, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകപ്പ് 36(8), 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 22, എന്നിവ പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, പാലക്കാട് (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, പാലക്കാട് നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
6. ഇൻഫർമേഷൻ ഓഫീസർ, ഐ. & പി.ആർ.ഡി., വെബ് & ന്യൂ മീഡിയ
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ